അന്യസംസ്ഥാനങ്ങളിൽ പാർക്കുന്ന മലയാളികളുടെ ക്ഷേമം

5 (716) ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. ദാസൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന സുരക്ഷാ പദ്ധതികളുടെ പരിധിയിൽ ഇതര സംസ്ഥാനങ്ങളിൽ പാർക്കുന്ന മലയാളികളെക്കൂടി ഉൾപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിനു വെളിയിൽ പാർക്കുന്ന മലയാളികളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവേയോ, പഠനമോ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ചെന്നൈ, കൽക്കട്ട, ഡൽഹി, മുംബൈ, ബാംഗ്ലൂർ തുടങ്ങിയ വൻനഗരങ്ങളിൽ പാർക്കുന്ന മലയാളികൾ എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ നഗരങ്ങളിൽ പാർക്കുന്ന മലയാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനും അവിടങ്ങളിൽ ഓരോ ലെയ്സൺ ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തിന് വെളിയിലെ മലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ സംഘടനകൾ സർക്കാരിന് പരാതികൾ നൽകാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) വിദേശ മലയാളികൾക്കായി ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ അന്യസംസ്ഥാനങ്ങളിൽ പാർക്കുന്ന മലയാളികളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) ഇത്തരത്തിൽ ഒരു പഠനം സർക്കാർ നടത്തിയിട്ടില്ല.

(ഡി) തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) ഇക്കാര്യം പരിഗണനയിലുണ്ട്. വിശദാംശങ്ങൾ തയ്യാറായിട്ടില്ല.

(എഫ്) നൽകാറുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പിനയച്ചുകൊടുത്ത് പ്രശ്ന പരിഹാരം കണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly